പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4726 | 26-06-2019-ലെ മറുപടിയ്ക്ക്

## കാർഷിക കാർഷികേതര വായ്പകളിൽ പലിശ ഇളവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.ടി.ബൽറാം** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയശേഷമുണ്ടായ വരൾച്ച കാർഷികവിളകൾ നശിക്കുന്നതിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ | (എ) | വരൾച്ച മൂലം 2562.5 ഹെക്ടർ കൃഷി നശിച്ചതിന് 8200 ലക്ഷം രൂപ നഷ്ടം ഉണ്ടായതായി പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനകം സംസ്ഥാനത്തുണ്ടായ കർഷക ആത്മഹത്യകൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും തേടിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ; | (ബി) | 15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കർഷകർ എടുത്തിട്ടുള്ള കാർഷികേതര വായ്പകളിൻമേലുള്ള ജപ്തി നടപടികളെ തുടർന്നാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. |
| (സി) | നിലവിലുള്ള മോറോട്ടോറിയത്തിന്റെ അടിസ്ഥാനത്തിൽ കർഷകർ എടുത്തിട്ടുള്ള കാർഷിക കാർഷികേതര വായ്പകളിൽ പലിശ ഇളവ് ലഭിക്കുമോ; | (സി) | കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ (താങ്ങ് പലിശ) ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം ലഭിച്ച കിസാൻ ക്രഡിറ്റ് കാർഡ് ഉള്ളവർക്ക് കൃഷി വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നപക്ഷം 4% താങ്ങ് പലിശ ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം അർഹതയുണ്ടായിരിക്കുന്നതാണ്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന കാർഷിക വായ്പ എടുക്കുന്ന കർഷകർ കൃത്യമായി വായ്പ തിരിച്ചടച്ചാൽ 2% പലിശ കൂടി തിരികെ നൽകേണ്ടതാണ് എന്ന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പച്ചക്കറി |

| | | | |
|---|---|---|---|
| | | | കൃഷി വികസന പദ്ധതി വിഭാവനം ചെയ്യുന്നു. മൊറട്ടോറിയം പീരിയഡ് കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കാനും തിരിച്ചടയ്ക്കാനുള്ള തുക തവണകളായി അടച്ചുതീർക്കുന്ന രീതിയിൽ ക്രമീകരിക്കാനും എസ്.എൽ.ബി.സി തീരുമാനമെടുത്തിട്ടുണ്ട്. |
| **(ഡി)** | ഇതുമൂലം ബാങ്കുകൾക്കുണ്ടാകുന്ന സാമ്പത്തികബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; വ്യക്തമാക്കുമോ ? | **(ഡി)** | ടി വിവരങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല |

**സെക്ഷൻ ഓഫീസർ**